**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5282. 06.02.2014 ൽ മറുപടിയ്ക്ക്.

<u>ട്രാഫിക് നിയമ ക്ലാസ്സ്</u>

| ചോദ്യം<br>ശ്രീ. ജോസഫ് വാഴക്കൻ<br>" ഐ.സി. ബാലകൃഷ്ണൻ<br>" പി.സി. വിഷ്ണുനാഥ്<br>" ഷാഫി പറമ്പിൽ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപ് ട്രാഫിക് നിയമ ക്ലാസ്സ് നിർബന്ധമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ; | (എ) | ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനു മുമ്പ് ഗതാഗത നിയമങ്ങൾ സംബന്ധിച്ച് പ്രീ ഡ്രൈവർ ടെസ്റ്റ് പരിശീലനം നൽകി വരുന്നുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ; | (ബി) | കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ നടപ്പാക്കി വരുന്ന "റോഡ് സുരക്ഷയ്ക്കായി ഒരു ദശകം" എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടി നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഇത്തരത്തിലൊരു പരിപാടി തുടങ്ങിയത്.<br>സുരക്ഷയിലൂന്നിയ ഒരു ഡ്രൈവിംഗ് സംസ്കാരം വളർത്തുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. ഇതിലേയ്ക്കായി ഡ്രൈവിംഗ്, റോഡ് സുരക്ഷ എന്നിവ സംബന്ധിച്ച് മുമ്പ് മനസ്സിലാക്കിയ തെറ്റായ കാര്യങ്ങൾ തിരുത്തുവാൻ പ്രീ ഡ്രൈവർ ടെസ്റ്റ് പരിശീലനം ലക്ഷ്യം വെയ്ക്കുന്നു. ശരിയായ ഡ്രൈവർ പരിശീലനം നൽകുക, സുരക്ഷയിലൂന്നിയ ഡ്രൈവിംഗ് ശീലമാക്കുക, റോഡ് സുരക്ഷ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ബോധവത്കരണം നടത്തുക, റോഡ് സുരക്ഷ പ്രോത്സാഹിപ്പിക്കുക, ഡ്രൈവറെ മോട്ടോർ വാഹന വകുപ്പിന്റെ നല്ലൊരു സുഹൃത്താക്കുക, അദ്ദേഹത്തെ നല്ലൊരു ഡ്രൈവറാക്കി മാറ്റുക എന്നിവയാണ് മറ്റുദ്ദേശ ലക്ഷ്യങ്ങൾ. |
| (സി) | ഇതിനായി സ്ഥിരം സമിതിയെ നിയോഗിക്കുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കുമോ ; | (സി) | നിലവിൽ റോഡു സുരക്ഷാ അതോറിറ്റിയുടെ സഹായത്തോടെ ലൈസൻസിങ് അതോറിറ്റി വേണ്ടവിധം പ്രവർത്തിക്കുന്നുണ്ട്. അതിനാൽ സ്ഥിരം സമിതിയെ |

| | | | |
|---|---|---|---|
| | | | നിയോഗിക്കുന്ന കാര്യം ആലോചിച്ചിട്ടില്ല. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | പ്രസ്തുത പരിപാടി നടപ്പിൽ വരുത്തുന്നതിലേയ്ക്കായി എല്ലാ ലേണേഴ്സ് ലൈസൻസ് അപേക്ഷകരേയും ഉൾക്കൊള്ളിച്ചുകൊണ്ട് ആഴ്ചതോറും 2 മണിക്കൂർ നേരത്തേയ്ക്കുള്ള പരിശീലന പരിപാടിയ്ക്ക് സിലബസ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഒരു പഠനസഹായിയും പുറത്തിറക്കിയിട്ടുണ്ട്. ആവശ്യത്തിനുള്ള ഫണ്ടും നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.